For Private Circulation Only

October 2021

ആഗമനാദ്ഭുതൻ

HOLY BIBLE

Vol.68

" നിങ്ങൾക്ക് ആവശ്യമുള്ളതു ഇന്നതെന്നു നിങ്ങൾ യാചിക്കുമുമ്പെ നിങ്ങളുടെ പിതാവ് അറിയുന്നുവല്ലോ " (മത്താ. 6:8)

No.10

എങ്ങനെയാണ് പ്രാർത്ഥന കൂട്ടായ്മകൾക്ക് പുനരുത്ഥാനം ഉണ്ടാകുന്നത്

By Harold Vaughan

ചാൾസ് സ്പർജൻ ഒരിക്കൽ പറഞ്ഞത്, സഭയിൽ പ്രാർത്ഥന കൂട്ടായ്മകൾ ശക്തിപ്പെടുന്നതു വരെ ഇത്രയും ഉയർന്ന ഒരു നിലവാരത്തിലേക്ക് ദൈവമക്കൾ എത്തിചേർന്നത് ഞങ്ങൾ ഇതുവരെയും കണ്ടിരുന്നില്ല. അദ്ദേഹത്തിന്റെ ശുശ്രൂഷയ്ക്ക് വാസ്തവത്തിൽ ശരിയായ ഉദ്ദീപനം സംഭവിച്ചിരുന്നത്, താൻ തന്നേ വിളിച്ചിരുന്ന ഫേർണിസ് റൂമിൽ വച്ചായിരുന്നു. ഇവിടെയാണ് നൂറുകണക്കിനു വിശ്വാസികൾ അവരുടെ വിശ്വാസത്തോടുകൂടിയ പ്രാർത്ഥനകളിൽ സ്വർഗ്ഗത്തിലെ പീരങ്കികൊണ്ടു ചുട്ടു തകർക്കപ്പെട്ടിരുന്നത്. തന്റെ സഭയിലെ വിശ്വാസികളുടെ ശക്തവും തീവ്രവുമായ പ്രാർത്ഥനയാണ് എന്റെ ശുശ്രൂഷയുടെ വിജയമെന്നാണ് താൻ പറയുന്നത്.

നമ്മുടെ ഇന്നത്തെ സഭകളിൽ പ്രാർത്ഥന കൂട്ടായ്മകൾക്ക് പുനരുത്ഥാനം സംഭവിക്കുവാൻ എന്താണ് നാം ചെയ്യേണ്ടത്? അഞ്ച് വളരെ ലളിതമായ കാര്യങ്ങൾ നമ്മുടെ പ്രാർത്ഥന കൂട്ടായ്മകളെ ഊർജ്ജസ്വലമാക്കുകയും, അങ്ങനെ അതു വളരുകയും ചെയ്യും.

1. ദൈവ കേന്ദ്രീകൃതരാകുക.

മാതൃക പ്രാർത്ഥന, അല്ലെങ്കിൽ യേശുക്രിസ്തുവിന്റെ പ്രാർത്ഥന, തുടങ്ങുന്നത്, ഞങ്ങളുടെ പിതാവേ എന്നും അവസാനിക്കുന്നത് ദൈവഹമത്വം സ്ഥിരമായിരിക്കുന്നു എന്നും ആണ്. " ഇവിടെ ശ്രദ്ധിക്കേണ്ടതു ആദ്യത്തെ മൂന്നു അപേക്ഷയിലും ദൈവനാമ കേന്ദ്രീകൃതമാണ് ". ഇവിടെ ചേർത്തിരിക്കുന്നത്, നിന്റെ നാമം, നിന്റെ രാജ്യം. " നിന്റെ ഇഷ്ടം എന്നാണ്. "നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേതുപോലെ ഭൂമിയിലും ആകേണമേ " (മത്താ.6:9,10). നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ, അതിൽ കൂടി ദൈവരാജ്യം വരുന്നു. ദൈവീക ഇഷ്ടങ്ങൾ / പദ്ധതികൾ ഭൂമിയിൽ നടത്തുന്നു. ഇതെല്ലാം മനുഷ്യ കേന്ദ്രീകൃതമായ ഏതെങ്കിലും അപേക്ഷ/ നിവേദനങ്ങൾ ദൈവ സന്നിധിയിൽ നാം അർപ്പിക്കുന്നതിനു മുമ്പെ ചെയ്യാൻ ഉള്ളതാണ്. അതായത് ആദ്യം ദൈവീക കാര്യങ്ങൾ കേന്ദ്രീകൃതം ആയിരിക്കുക എന്നുള്ളതാണ്. നമ്മുടെ പ്രാർത്ഥന കൂട്ടായ്മകൾ ഒന്നു പുനർജ്ജീവിപ്പിക്കുവാൻ അടിയന്തരമായിട്ടു ഈ കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു.

പൗലൊസും ശീലാസും ഭൂതഗ്രസ്തയായ സ്ത്രീയുടെ ഭൂതത്തെ ഒഴിപ്പിച്ചതു മുഖാന്തരമുള്ള അനന്തര അനുഭവങ്ങൾ മുഖാന്തിരം ജയിലിൽ അടയ്ക്കപ്പെടുകയും അതിദാരുണമായ വിധത്തിൽ ശാരീരിക മർദ്ദനം ഏൽക്കുകയും ചെയ്തപ്പോൾ അവരുടെ പ്രതികരണം എപ്രകാരമുള്ളതായിരുന്നു? അവർ ചെയിൻ പ്രയറിൽ ബന്ധപ്പെട്ടിരുന്നില്ല. അവർ യെരുശലേമിലെ നിയമ ഉപദേശകരേയോ, ആന്ഞറീ ഡീഫാമേഷൻ ലീഗിനോടൊ ബന്ധപ്പെട്ടില്ല. സമാന്തരമായിട്ടു, അർദ്ധ രാത്രിക്കു പൗലൊസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടിസ്തുതിച്ചു: അവർ ആരാധന കേന്ദ്രീകൃത പ്രാർത്ഥന നടത്തി.

സ്തുതിയാണ് അപേക്ഷയ്ക്ക് മുമ്പെ വരുന്നത്. കർത്താവിനു മഹത്വം കൊടുത്തു പ്രാർത്ഥന തുടങ്ങുന്നതിനു പകരം നമ്മുടെ ആവശ്യങ്ങളാണ് ദൈവസന്നിധിയിൽ ആദ്യമേ നമ്മൾ അർപ്പിക്കുന്നുവെങ്കിൽ തീർത്തും ദൈവവചന വ്യവസ്ഥയ്ക്കു എതിരായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. നമ്മുടെ പ്രാർത്ഥന സമയങ്ങൾ ആരാധനയോടുകൂടി വേണം തുടങ്ങുവാൻ. ദാനിയേലിനെപോലെ സങ്കീർണ്ണ പ്രശ്നങ്ങളിൽ കൂടി കടന്നു പോയവർ ദൈവകേന്ദ്രീകൃത പ്രാർത്ഥനകളാണ് ചെയ്തിരുന്നത്. (ദാനി. 6:10). യെശയ്യാവിലെ ഹിസ്ക്കിയാവു (യെശ. 37:14 -17). ഇവരെല്ലാം നമ്മുടെ മുമ്പിലുള്ള ശക്തമായ ഉദാഹരണമാണ്. അങ്ങനെ നമുക്ക് മറ്റുള്ളവരുടെ ആവശ്യങ്ങളിലേക്ക് നമ്മുടെ ആവശ്യങ്ങളിലേക്ക് പോകാം. അന്നന്നുള്ള അപ്പം. ക്ഷമ, ദുഷ്ടങ്കൽ നിന്നു ള്ള വിടുതൽ.

2. വചനത്തിൽ മുന്നേറുക:

മാതൃക പ്രാർത്ഥന നമ്മുടെയും പ്രാർത്ഥനയുടെ ഭാഗമായി മാറണം. എന്നാൽ ഈ മാതൃക പ്രാർത്ഥന രൂപത്തെ നമ്മൾ ആവർത്തിക്കുവാനല്ല, എന്നാൽ ഒരു വഴികാട്ടിയായിട്ട് നമ്മുടെ പ്രാർത്ഥനകളിൽ ഇതിനെ ചേർക്കാം. ഇത് ഒരു പലക തട്ട് മാത്രമാണ്, ഒരു വലിയ കെട്ടിടമല്ല, ഒരു അസ്ഥികൂടം മാത്രമാണ്. ഒരിക്കലും ശരീരമല്ല. ഇത് നമ്മൾക്ക് ഒരു വിഭാഗത്തെ നല്കുന്നു, അല്ലെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾ മാത്രമാണ് പ്രാർത്ഥനയിൽ ഉണ്ടാകേണ്ടത്. ശിഷ്യന്മാർ യേശുവിനോടു " ഞങ്ങളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കേണമേ " എന്നു പറഞ്ഞപ്പോൾ (ലൂക്കോ. 11:1), യേശു അവർക്ക് ചില നിർദ്ദേശങ്ങൾ പ്രാർത്ഥനയോടുള്ള ബന്ധത്തിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്.

*ഞങ്ങളുടെ പിതാവ് (ദൈവത്തെ അംഗീകരിക്കുന്നു)

* നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണം (ദൈവത്തെ ആരാധിക്കുന്നു)

* നിന്റെ രാജ്യം വരേണം (ദൈവരാജ്യത്തിന്റെ വികസനം)

* നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേതുപോലെ ഭൂമിയിലും ആകേണം (ദൈവീക ഇഷ്ടങ്ങൾ നടപ്പിലാക്കൽ)

* ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നു തരേണം (ദൈവത്തോടു ചോദിക്കുന്നു/ അന്വേഷിക്കുന്നു)

ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടു ക്ഷമിക്കേണം (ദൈവമുമ്പാകെയുള്ള പശ്ചാ

(ശേഷം 4-ാംപേജിൽ)

മിണ്ടാതിരുന്നു ഞാൻ ദൈവമെന്നു അറിഞ്ഞുകൊൾവിൻ

By Thomas Reade

പ്രപഞ്ചസൃഷ്ടിയുടെ സമയത്ത്, അന്ധകാരം മുഴുവൻ നിറഞ്ഞിരുന്ന സമയത്ത്, ദൈവം പറഞ്ഞു, വെളിച്ചം ഉണ്ടാകട്ടെ എന്നും ദൈവം കല്പിച്ചു; വെളിച്ചം ഉണ്ടായി. (ഉല്പ. 1:3). മനുഷ്യ ശരീരത്തിന്റെ മൂടുപടം നീക്കികൊണ്ടു കാറ്റിനെയും കടലിനെയും ദൈവം കണ്ടിട്ട്, അതിന്റെ അഹങ്കാര മനോഭാവത്തോടു ദൈവം പറയുകയാണ് അനങ്ങാതിരിക്കുക, അടങ്ങുക എന്നു പറഞ്ഞു (മർക്കൊ. 4:39). വലിയ പ്രക്ഷോഭങ്ങൾ ഉണ്ടാക്കുകയും ആക്രമസക്തരാകുകയും ചെയ്ത ജനത്തോട് യേശു പറഞ്ഞ വാക്കുകൾ വളരെ അർത്ഥ ഗാംഭീരമാണ്. യേശു പറയുകയാണ് “ മിണ്ടാതുരന്നു, ഞാൻ ദൈവമെന്നു അറിഞ്ഞുകൊൾവിൻ ”. (സങ്കീ. 46:10) ആത്മാക്കൾക്ക് വിശ്രാമം കണ്ടെത്തുവാൻ കഴിഞ്ഞു.

പ്രക്ഷോഭ ഭരിതരായ ജനത്തെ ഇന്നു ദൈവം അവരെ കണ്ടിട്ട്, ഭ്രാന്തമായ അവരുടെ പെരുമാറ്റ രീതികളെ കണ്ടിട്ട് അവർക്ക മാത്രമേ ആ അന്ധകാര ആത്മാവിനെ ശാസിക്കുവാൻ കഴികയുള്ളൂ. അവൻ സ്വസ്ഥത നല്കിയാൽ ആർ കുറ്റം വിധിക്കും? ഒരു ജാതിക്കായാലും ഒരാൾക്കയാലും അവൻ മുഖം മറെച്ചു കളഞ്ഞാൽ ആർ അവനെ കാണും (ഇയ്യോ. 34:30).

ഇപ്പോൾ നാം ഇവിടെ കാണുന്ന കാര്യങ്ങളെല്ലാം അസ്ഥിരതയുള്ളതും എല്ലായ്പ്പോഴും മാറ്റങ്ങൾ സംഭവിക്കുന്നതുമായിരിക്കുമ്പോൾ തന്നെ നാം ഉൾപ്പെടുന്ന സമൂഹത്തിലെ ഒരു ചെറിയ വിഭാഗത്തിലുള്ള മനുഷ്യർ എന്തോ പുതിയതായി സൃഷ്ടിക്കുന്ന മനോഭാവത്തിൽ അവരുടെ ചിന്തകൾ വരുകയും അത് സമൂഹത്തെ അല്പമായിട്ട് സ്പർശിക്കുകയും സമൂഹത്തെ ഇളക്കി മറിക്കുകയും ചെയ്യുമ്പോൾ ദൈവമക്കളായ നമ്മൾ ഒരല്പം നിന്ന് സ്വയം ചിന്തിക്കേണ്ടി ഇരിക്കുന്നു. എത്രയോ മനോഹരമായിട്ട് സന്തോഷമായിട്ട് ദൈവീക വചനങ്ങൾ എല്ലാ മണ്ഡലങ്ങളിലും സ്പർശിക്കുന്നതായും അവിടുന്നുള്ള ആ മാധുര്യമായ ശബ്ദങ്ങൾ കടന്നു വരുന്നത് നന്മകൾക്ക് സ്വാന്ത്വനവും കുളിർമ്മയും അല്ല എല്ലായ്പ്പോഴും നല്കുന്നത്. “ മിണ്ടാതിരുന്ന്, ഞാൻ ദൈവമെന്നു അറിഞ്ഞുകൊൾവിൻ ”. ഇന്ന് നാം കാണുന്ന രാഷ്ട്രീയ ലോകം സമുദ്രത്തെപ്പോലെയും കാറ്റിനെപ്പോലെയും എല്ലായ്പ്പോഴും മാറ്റങ്ങൾ സംഭവിക്കുന്നതല്ലേ? ഇതിന്റെ മധ്യത്തിലും സന്തുഷ്ടനായ ദൈവാശ്രയമുള്ള ഒരു ദൈവപൈതൽ ആ ശാശ്വതമായ കരങ്ങളിൽ വിശ്രാമം കണ്ടെത്തുന്നു.

ക്രിസ്തീയ ലോകം സദാ ആത്മീകവും ധാർമ്മികവും ആയിട്ട് അധ:പതനം സംഭവിച്ചിരിക്കുന്ന ഈ മനുഷ്യ സമൂഹത്തെ എങ്ങനെയും ഒരു കര കയറ്റണമെന്നുള്ള അതിയായ ആഗ്രഹത്തോടെ പ്രവർത്തിച്ച് കൊണ്ടിരിക്കുകയാണ്. നഷ്പ്പെട്ട വെളിപ്പാടുകൾ തിരികെ പ്രാപിക്കുവാൻ, മനുഷ്യർ ദൈവവഴികളിൽ കൂടി നടക്കുവാനും, ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് സന്തുഷ്ടമായ ഒരു നല്ല ജീവിതം പണിത് ഉയർത്തുവാൻ സാധിക്കുകയുള്ളൂ. എന്നാൽ സുവിശേഷത്തിന്റെ

(ശേഷം 6-ാംപേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

“ സൈന്യങ്ങളുടെ യഹോവേ, തിരുനിവാസം എത്ര മനോഹരം. എന്റെ ഉള്ളം യഹോവയുടെ പ്രാകാരങ്ങളെ വാഞ്ചിച്ചു മോഹിച്ചു പോകുന്നു. എന്റെ ഹൃദയവും എന്റെ മാംസവും ജീവനുള്ള ദൈവത്തെ നോക്കി ഘോഷിക്കുന്നു. കുരുകിൽ ഒരു വീടും, മീവൽ പക്ഷി കുഞ്ഞുങ്ങൾക്കു ഒരു കൂടും കണ്ടെത്തിയിരിക്കുന്നു. സൈന്യങ്ങളുടെ യഹോവേ, നിന്നിൽ ആശ്രയിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ ” (സങ്കീ. 84:1-5)

സെപ്റ്റംബർ മാസം നമ്മെ വിട്ട് കടന്നുപോയി. ഒക്ടോബർ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

പ്രിയ ദൈവപൈതലേ നീ തളർന്നിരിക്കുകയാണോ. സടകുടഞ്ഞെഴുന്നേൽക്കുക. ശിംശോനെപ്പോലെ നിന്റെ നേരെ വരുന്ന പാപത്തിന്റെ ശക്തിമേലും രോഗത്തിന്മേലും മരണത്തിന്മേലും വിജയം യേശു കാൽവരിക്രൂശിൽ നമുക്കായി നേടി തന്നിരിക്കുന്നു. യേശുവിന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നിരിക്കുന്നു.

ദൈവം നമ്മുടെ ഏറ്റവും അടുത്ത തുണയും സഖിയും ആശ്വാസകനും സൗഖ്യദായകനുമാണെന്ന് പൂർണ്ണമായി വിശ്വസിക്കുക. ദൈവം സർവ്വശക്തനാണ്. നിങ്ങളെ കാക്കുവാൻ ധാരാളമായി കൃപ തന്റെ പക്കലുണ്ട്. പിതാവിനെ പൂർണ്ണമായി അനുസരിച്ച് പിതാവിന്റെ ഇഷ്ടം ചെയ്ത് നമുക്കായി ഒരുക്കുന്ന ഭവനത്തിൽ എത്തിച്ചേരാം. ക്രിസ്തീയ ജീവിതം ഒരു യുദ്ധക്കളമാണ്. എല്ലാവിധ ദുഷ്ടശക്തികളോടും നമുക്ക് പോരാടി വിജയം കൈവരിക്കാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

പരിശുദ്ധാത്മാവും പ്രാർത്ഥനയും

By Andrew Murray (1828- 1917)

എന്തായിരിക്കാം കാരണം, പ്രാർത്ഥന ഒട്ടും തന്നേയില്ലാത്ത സഭകളിൽ പരിശുദ്ധാത്മാവ് വേദനിക്കുന്നത് ഇത് പ്രധാനപ്പെട്ട ഒരു കാര്യ അല്ലേ! ഇതു കാരണമായിരിക്കാം കുറഞ്ഞ ചേതനത്വവും ശക്തി ഹീനതയും നമ്മുടെ പല സഭകളിലും ഉണ്ടാകുന്നത്, എന്തുകൊണ്ടെന്നാൽ പരിശുദ്ധാത്മാവ് നമ്മളിൽ നേതൃത്വം ഏറ്റെടുക്കുവാനുള്ള യാതൊരു സാഹചര്യവും നമ്മളായിട്ടു ഒരുക്കുന്നില്ല. നമ്മുടെ ധ്യാനത്തിങ്കൽ ദൈവം വിശ്വാസത്തെ ബലപ്പെടുത്തുവാനും സന്തോഷത്തിനുമായിട്ടു പരിശുദ്ധാത്മാവിൽ കൂടെ എല്ലാം നമുക്കു നല്കി തരുന്നു.

പരിശുദ്ധാത്മാവ് എന്നാൽ പ്രാർത്ഥനയുടെ ആത്മാവാണ്. സെഖ. 12:10, അവൻ പേരു പറഞ്ഞു വിളിക്കുന്നു. കൃപയുടെയും യാചനകളുടെയും ആത്മാവിനെ അപ്പോസ്തലനായ പൗലൊസിന്റെ ലേഖനങ്ങളിൽ 2 തവണ പ്രാർത്ഥനയെകുറിച്ചു വളരെ നിർണ്ണായകമായ വസ്തുതുകൾ രേഖപ്പെടുത്തിയിരിക്കുന്നു. “ നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിനു ദാസ്യത്തിന്റെ ആത്മാവിനെ അല്ല; നാം അബ്ബാ പിതാവേ എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രേ പ്രാപിച്ചത് ” (റോമ. 8:15). “നിങ്ങൾ മക്കൾ ആകകൊണ്ടു അബ്ബാ പിതാവേ എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു” (ഗലാ. 4:6). താങ്കൾ എന്നെങ്കിലും ഈ വചനങ്ങളിൽ ധന്യാനിച്ചിട്ടുണ്ടോ. അബ്ബാ പിതാവേ, ഈ മഹത്വമുള്ള നാമത്തിൽ നമ്മുടെ രക്ഷകൻ അവിടുത്തെ പ്രാർത്ഥനയിൽ പിതാവിനെ നല്കിയിരിക്കുന്നു. തുടർന്ന് പുത്രൻ മുഴുവൻ ജീവിതവും സ്നേഹവും ആ പിതാവിന്റെ മുമ്പാകെ സമർപ്പിക്കുകയും ആശ്രയമാക്കുകയും ചെയ്തു. പരിശുദ്ധാത്മാവ് ഇത് നമ്മളെ പഠിപ്പിക്കുന്നതിനുള്ള ലക്ഷ്യത്തോടെ നമുക്ക് നല്കിയിരിക്കുകയാണ്. നമ്മുടെ ക്രിസ്തീയ ജീവിതം ആരംഭിച്ച ആ സമയം മുതൽ, ഈ വചനങ്ങൾ ഉറക്കെ പ്രഖ്യാപിക്കുകയും ഒരു ശിശുവിനെ പോലെ അതിൽ ആശ്രയിക്കുകയും നമ്മെ അതിനായിട്ടു സമർപ്പിക്കുകയും വേണം. ഒരു വേദഭാഗത്തിൽ നമ്മൾ വായിക്കുന്നത്. നമ്മൾ കരയുക. മറ്റൊരു ഭാഗത്ത് അവൻ കരയുന്നു. എത്രയോ ആശ്ചര്യകരമായ ഒരു വളവ് / കുനിയുന്ന ഒരു പ്രവർത്തിയാണ് പ്രാർത്ഥന എന്ന കൂട്ടായ്മയിൽ ദൈവം മനുഷ്യനോടുള്ള സഹകരണ മനോഭാവത്തിൽ പ്രവർത്തിക്കുന്നത്.

ഇങ്ങനെ ഒരിക്കലും വെളിപ്പെടുത്തിയില്ല. പരിശുദ്ധാത്മാവു ഒരു അപരിചിതനെ പോലെ നമ്മുടെ സഭ/ ആലയത്തിൽ ആയിരിക്കുന്നുവെന്നും, പ്രാർത്ഥനയിൽ ദൈവം ഇത്രയും അനുഗ്രഹിക്കപ്പെട്ട ഒരുവനിൽ തുറന്നിരിക്കുമ്പോൾ ഒരിക്കൽ എങ്കിലും നമ്മൾ ഇത് ഒരു കഠിനാദ്ധ്വാനമായിട്ടോ, ഭാരമായിട്ടോ ചിന്തിച്ചിട്ടുണ്ടോ? അതുപോലെ തന്നെ ഇതു നമ്മെ പഠിപ്പിക്കുന്നില്ല, നമ്മുടെ അനുസരണക്കേടു കൊണ്ടും അറിവില്ലായ്മകൾകൊണ്ടും പിതാവ് നമുക്ക് എങ്ങനെ പ്രാർത്ഥിക്കണമെന്നു നമ്മെ പഠിപ്പിക്കുവാൻ വേണ്ടി നല്കിയിരിക്കുന്ന ആ ദൈവമായ ഗുരുവിനെ നമ്മൾ അവഗണിച്ചതു ആ നാളുകളിൽ നമ്മൾക്ക് നഷ്ടപ്പെട്ടുപോയ പ്രാർത്ഥന ഇല്ലായ്മയുടെ അന്വേഷിച്ചുകൊണ്ട് അതിന്റെ മൂലവേരിലേയ്ക്ക് തിരിയുവാനും നമ്മൾ ശ്രമിക്കണം.

ഈ സത്യം നമ്മൾ മനസ്സിലാക്കുവാൻ വേണ്ടി വലിയ ആഗ്രഹത്തോടെയാണെങ്കിൽ, കുറെ കൂടി വ്യക്തമായിട്ടു റോമർ 8:26,27 വാക്യങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നത് മനസ്സിലാക്കേണ്ടിയിരിക്കുന്നു. “അവ്വണ്ണം തന്നേ ആത്മാവു നമ്മുടെ ബലഹീനതയ്ക്കു തുണ നില്ക്കുന്നു. വേണ്ടും പേലെ പ്രാർത്ഥിക്കേണ്ടതു എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നേ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. എന്നാൽ ആത്മാവ് വിശുദ്ധന്മാർക്കു വേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതു കൊണ്ടു ആത്മാവിന്റെ ചിന്ത ഇന്നതെന്നു ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു”. ഇതിൽ നിന്നു തന്നേ വ്യക്തമാക്കപ്പെട്ടില്ലേ, ക്രിസ്ത്യാനികൾക്ക്/ ദൈവമക്കൾക്ക് എങ്ങനെ പ്രാർത്ഥിക്കണമെ

(ശേഷം 8-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(1-ാംപേജിന്റെ തുടർച്ച)

എങ്ങനെയാണ് പ്രാർത്ഥന കൂട്ടായ്മകൾ പുനരുത്ഥാനം ഉണ്ടാകുന്നത്.

ത്താപം)

* ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതു പോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടു ക്ഷമിക്കണം" (മറ്റുള്ളവരോടു ക്ഷമിക്കുക)

* ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കേണമേ (ശത്രുവിൽ നിന്നുള്ള വിടുതൽ).

വചനത്തിൽ നിന്നുള്ള ഈ പ്രാർത്ഥന നമ്മളെ വളരെ പ്രധാനപ്പെട്ട ഘടകങ്ങളെയാണ് പഠിപ്പിക്കുന്നത്. നമ്മുടെ പ്രാർത്ഥന ജീവിതത്തിൽ വ്യത്യസ്തങ്ങളായ കാലഘട്ടങ്ങൾ വ്യത്യസ്തമായ കാര്യങ്ങൾക്കായിട്ടുള്ള പ്രാർത്ഥനയ്ക്കാണ് നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത്. ദൈവകേന്ദ്രീകൃതവും ആരാധന അടിസ്ഥിതവുമായിട്ടുള്ള ഒരു പ്രാർത്ഥന നമ്മൾക്കു പുതുതായി ആരംഭിക്കാം. അതുപോലെ നമ്മുടെ പ്രധാനപ്പെട്ട വിഷയങ്ങൾക്ക് അടിയന്തര പ്രധാനം കൊടുക്കുകയും വേണം.

വചന വായനയോടു കൂടി പ്രാർത്ഥന തുടങ്ങുന്നത് വളരെ ഉത്തമമാണ്. ലീഡേഴ്സ് ആയ നമ്മൾ ദൈവവചനത്തിൽ നിന്നു നോട്ടുകൾ കണ്ടെത്തുകയും അതിന്റെ പ്രതിധ്വനി ആത്മാവിൽ അനുഭവിക്കുവാനും, വചനത്തിൽ ശ്രദ്ധവയ്ക്കുവാനും, നമ്മുടെ ഭാവനകളെ ഉത്സാഹപ്പടുത്തുകയും നമ്മുടെ ഹൃദയത്തോടു സംസാരിക്കുകയും ചെയ്യും. നമ്മൾക്ക് ദൈവിക വാഗ്ദത്തങ്ങൾ തെരഞ്ഞടുക്കുവാനും ആനുകാലിക സംഭവങ്ങളിൽ ആ വാഗ്ദത്തങ്ങൾ പ്രാർത്ഥനയിൽ ദൈസന്നിധിയിൽ അപേക്ഷിക്കുവാനും സാധിക്കുന്നു. ദൈവവചനത്താൽ പ്രേരിതമായ പ്രാർത്ഥന ഏതു കാലഘട്ടത്തിലും അനുഗ്രഹകരമാണ്.

നമ്മൾ ദൈവവചനം വായിക്കുമ്പോൾ, അതു നമ്മളെ വായിക്കുന്നു. വേറൊരുതരത്തിൽ പറഞ്ഞാൽ കർത്താവു നേരിട്ടു നമ്മോടു സംസാരിക്കുന്നു. പ്രാർത്ഥനകൾ എല്ലാ നാളും ബൈബിളിന്റെ മാർഗ്ഗ നിർദ്ദേശകതത്വങ്ങളിൽ അധിഷ്ഠിതമായിരിക്കുകയും ചെയ്യുമ്പോൾ നമ്മൾ തീർച്ചയായിട്ടു പ്രാർത്ഥനകളിൽ വചനങ്ങൾ നിറഞ്ഞു നില്ക്കുവാൻ ശ്രദ്ധിക്കണം.

3. ആത്മാവിൽ നടത്തപ്പെടുക:

" അവണ്ണം തന്നേ ആത്മാവു നമ്മുടെ ബലഹീനതയ്ക്കു തുണ നില്ക്കുന്നു. വേണ്ടും പോലെ പ്രാർത്ഥിക്കേണ്ടതു എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നേ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു" (റോമ. 8:26). ഇന്നുള്ള അനേകം പ്രാർത്ഥനകളിൽ പരിശുദ്ധാത്മാവിന്റെ സാന്നിധ്യം ഇല്ല. പരിശുദ്ധാത്മാവാണു നമ്മുടെ പ്രാർത്ഥനയുടെ യോഗ്യതകളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുന്നത്. അവൻ പ്രാർത്ഥനയെക്കുറിച്ച് വളരെ ഉത്തരവാദിത്വമുള്ളവരും പ്രാർത്ഥന സമയത്ത് നമ്മൾക്കായിട്ടു ഞരങ്ങുകയും ചെയ്യുന്നു. അവന്റെ മഹത്വകരമായ നിയന്ത്രണത്തിൻ കീഴെ നമ്മൾ പ്രാർത്ഥിക്കുമ്പോൾ, ഭാരങ്ങൾ വഹിക്കുന്ന ദൈവത്തിന്റെ ഹൃദയത്തിനുള്ളിലേക്കു നമ്മൾ പ്രവേശിക്കപ്പെടുകയാണു ചെയ്യുന്നത്. ദൈവത്തിന്റെ ആത്മാവു നമ്മെ നിർദ്ദേശിക്കുന്നു. പ്രാർത്ഥനയിലേക്കു ജനങ്ങൾ നയിക്കപ്പെടേണ്ടതിനായിട്ടു.

ആത്മാവുമായിട്ടും ശരിയായിട്ടു ബന്ധപ്പെടുമ്പോഴാണ് കാര്യക്ഷമമായ പ്രാർത്ഥനയിലേക്കു നമ്മൾ നയിക്കപ്പെടുന്നത്. ശക്തമായ തീ മഴയുടെ സമയത്തു ബെൻ ഫ്രാങ്ക്ളിൻ തന്റെ കയ്യിൽ ഒരു ചരടുമായിട്ടു നിൽക്കുന്നതു കണ്ടുകൊണ്ടു തന്നോടു ഒരു മനുഷ്യൻ ചോദിക്കുകയാണ് നിങ്ങൾ ഇപ്പോൾ എന്തു ചെയ്യുന്നുവെന്നു ഫ്രാങ്ക്ളിൻ മറുപടി പറഞ്ഞത് ഇങ്ങനെയാണ് ഞാൻ ഒരു പട്ടം പറപ്പിക്കുന്നു എന്ന് മറ്റെയാൾ പറയുകയാണ് ഞാൻ പട്ടം കാണുന്നില്ല. ഫ്രാങ്ക്ളിൻ പറഞ്ഞത് ഞാനും പട്ടം കാണുന്നില്ല. എന്നാൽ എന്റെ കയ്യിൽ ഉള്ള ചരടു അതിന്റെ സാന്നിദ്ധ്യം ഞാൻ അനുഭവിക്കുന്നുവെന്ന്. ദൈവത്തിന്റെ ആത്മാവിനെ നമ്മൾക്ക് കാണാൻ സാദ്ധ്യമല്ല. എന്നാൽ മദ്ധ്യസ്ഥതയ്ക്കായിട്ടു വിളിക്കപ്പെട്ടിരിക്കുന്ന നമ്മൾ ആത്മാവിൽ പ്രാർത്ഥിക്കുമ്പോൾ നമ്മൾക്ക് അതിന്റെ പ്രചോദനം അനുഭവിക്കുവാൻ സാധിക്കുന്നു. ജഡവും ഒരിക്കലും പ്രാർത്ഥിക്കുവാൻ പ്രേരിപ്പിക്കുകയില്ല. പിശാചും പറയുകയില്ല. ദൈവത്തിന്റെ ആത്മാവു മാത്രമേ ദൈവത്തിന്റെ മനസ്സും ഹൃദയവും അറിയുന്നുള്ളൂ. വിശുദ്ധിയെ മുറുകെ പിടിച്ചുകൊണ്ടു ദൈവസിംഹാസനത്തിന്റെ മുമ്പാകെ പ്രാർത്ഥനയിൽ ദൈവമായിട്ടു നല്ല ബന്ധത്തിൽ ആയിരിക്കണം നമ്മൾ.

4. വിശ്വാസം നിറയപ്പെട്ടവരാകുക:

വേദ വചനാടിസ്ഥാനത്തിൻ പ്രകാരമുള്ള പ്രാർത്ഥകൾ ദൈവസന്നിധിയിൽ നിന്നുള്ള കേവലം ഉത്തരം ലഭിക്കുന്നുവെന്നുള്ള പ്രതീക്ഷയെക്കാൾ അധികമായിട്ടു വരുംകാലങ്ങളിൽ നമ്മുടെ യാചനകൾക്കു ഉത്തരം ലഭിക്കുമെന്നുള്ള ഒരു ശക്തമായ വിശ്വാസമുള്ളവരായിരിക്കുക എന്നുള്ളതാണ്. വിശ്വാസം നിറയപ്പെട്ട പ്രാർത്ഥനയുടെ പ്രത്യേകത യെന്തെന്നാൽ ദൈവീക പ്രതികരണം ലഭിക്കുന്നതിനു മുമ്പ് അവിടുത്തെ നാമത്തിനു നന്ദി നല്കുക എന്നുള്ളതാണ്. പ്രാർത്ഥനയിൽ ദൈവീക പ്രവൃത്തി വെളിപ്പെട്ടതിനു ശേഷം ആർക്കും നന്ദി അർപ്പിക്കാം; വൈവിക കരങ്ങൾ വിഷയങ്ങളിൽ വെളിപ്പെടുമ്പോൾ ഇതു തികച്ചും എളപ്പവും ലളിതവുമാണ്. എന്നാൽ വിശ്വാസം നിറയപ്പെട്ട പ്രാർത്ഥനകൾ വൈവിക പ്രവൃത്തികൾ തീരത്തേക്കു എത്തിച്ചേരുന്നതിനു മുമ്പെയുള്ളതാണ്. നന്ദികരേറ്റുകയാണ്. വിശ്വാസത്തിന്റെ ആദ്യത്തെ ചുവടു.

അപ്പോസ്തലനായ തോമസിനെ പോലെയാണ് ആധുനിക സഭകളിലുള്ള വിശ്വാസികൾ. വിശ്വാസത്തിന്റെ കാര്യത്തിൽ മറ്റുള്ള ശിഷ്യന്മാർ ഉയിർത്തെഴുന്നേറ്റ ക്രൂശിതനായ യേശുവിനെ കണ്ടുവെന്നു പറഞ്ഞപ്പോൾ തോമസ് അപ്പോസ്തലൻ പറയുകയാണ് ശരീരത്തിലെ മുറിപ്പാടുകൾ കണ്ടതിനുശേഷമേ വിശ്വസിക്കുവാൻ സാധിക്കുകയുള്ളൂ വെന്നാണ്. ഞങ്ങൾ കർത്താവിനെ കണ്ടു എന്നു പറഞ്ഞാറെ " ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുതു കാണുകയും ആണിപ്പഴുതിൽ വിരൽ ഇടുകയും അവന്റെ വിലാപ്പുറത്തു കൈ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കുകയില്ല എന്നു അവൻ അവരോടു പറഞ്ഞു " (യോഹ. 20:25). എന്നാൽ അതിനു ശേഷം " യേശു വന്നു അവരുടെ മദ്ധ്യേ നിന്നു തോമസിനോടു പറഞ്ഞു, നിന്റെ വിരൽ ഇങ്ങോട്ടു നീട്ടി എന്റെ കൈകളെ കാൺക: നിന്റെ കൈ നീട്ടി എന്റെ വിലാപ്പുറത്തു ഇടുക; അവിശ്വാസി ആകാതെ വിശ്വാസി ആയിരിക്കുക എന്നു പറഞ്ഞു " (യോഹ. 20:29). വേദവചനത്തിലുള്ള വിശ്വാസം എന്നത് ദൈവിക പ്രവർത്തികൾ നമ്മുടെ ഭൗതിക കണ്ണുകളിൽ വെളിപ്പെടുക / ദർശിക്കുമ്പോൾ അല്ല എന്നുള്ളതാണ്. നമ്മൾ വിശ്വാസത്തിന്റെ പ്രാർത്ഥനകൾ ഉപയോഗിക്കുന്നവരും മറ്റുള്ളവരെ ഇതു പ്രയോഗിക്കുവാൻ പഠിപ്പിക്കുകയും ചെയ്യണം. ചോദ്യചിഹ്നങ്ങളോടു കൂടി

((ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

എങ്ങനെയാണ് പ്രാർത്ഥന കൂട്ടായ്മകൾ പുനരുത്ഥാനം ഉണ്ടാകുന്നത്.

പ്രാർത്ഥനകളെ സമീപിക്കുന്നതു നിർത്തണം. അതു ഒരിക്കലും ശരിയല്ല. നമ്മുടെ പ്രദർത്ഥനകൾ വലിയ അത്ഭുതങ്ങളാൽ നിറയപ്പെട്ടവരാകട്ടെ പ്രാർത്ഥന വിശ്വാസം നിറവുള്ള പ്രാർത്ഥനയാകട്ടെ!

5. ഇടയനാൽ നയിക്കപ്പെടുക:

" സഭയുടെ ആരംഭ കാല ഘട്ടങ്ങളിൽ അപ്പോസ്തലന്മാർ അവരുടെ ശുശ്രൂഷകൾ രണ്ടു പ്രധാന കാര്യങ്ങളിൽ മാത്രം കേന്ദ്രീകരിച്ചിരുന്നു. പ്രാർത്ഥനയും വചന ശുശ്രൂഷയും (അപ്പോ. 6:4). ഈ രണ്ടു ചുമതലകളിലും പ്രാധാന്യം പ്രാർത്ഥനയ്ക്കായിരുന്നു. അപ്പോസ്തലന്മാർ പ്രാർത്ഥനയ്ക്കു പ്രാധാന്യം കൊടുത്തു. ഇതു വ്യക്തിഗതമായ പ്രാർത്ഥനയെകുറിച്ചല്ല പറയുന്നത്, എന്നാൽ അവരുടെ ഉത്തരവാദിത്വങ്ങൾ കാര്യങ്ങളെ ദർശിക്കുകയും പ്രാർത്ഥനയാൽ ആദ്യ സഭയെ ജയകരമായി നടത്തുവാനുമായിരുന്നു. അവർ കൂടിവരുവുകളെ ചലനാത്മകം ആക്കുവാൻ വേണ്ടിയായിരുന്നു പ്രാർത്തിച്ചത്. ദൈവം അവരുടെ ഹൃദയങ്ങളോടു നിർദ്ദേശിച്ചത് ജനങ്ങളിൽ നടപ്പിലാക്കുവാനും ശ്രമിച്ചു.

അടുത്ത സമയത്തു നടന്ന ഒരു സർവ്വേയുടെ വെളിപ്പെടുത്തലിൽ ഇന്ന് പാസ്റ്റർമാർ ധാരാളം മണിക്കൂറുകൾ ഞായറാഴ്ച വചനപ്രഘോഷണത്തിനായിട്ടു ചെലവാക്കുന്നു. എന്നാൽ തയ്യാറെടുപ്പുകൾ പ്രാർത്ഥന മിറ്റിംഗ്കൾക്കു മുമ്പായിട്ടു നടത്തുന്നത് എല്ലാ നാളും നല്ലതാണ്. പ്രാർത്ഥനയിൽ എത്ര മാത്രം സമയം ചെലവിടുന്നതിനനുസരിച്ച് മീറ്റിംഗിന്റെ എല്ലാ സർവ്വീസുകളിലും അത് പ്രതിഫലിക്കുന്നത് സത്യമല്ലേ? നമ്മൾ മികച്ചതു ഭാരമുള്ളതുമായ നിർദ്ദേശങ്ങൾ പ്രചരിപ്പിക്കുവാനും അത് നടപ്പിലാക്കുവാനും ധൃതിയുള്ളവരാണ്, എന്നാൽ എത്രമാത്രം സമയവും ശ്രദ്ധയും പ്രാർത്ഥിക്കുന്നതിൽ നമ്മൾ താല്പര്യപ്പെടുന്നു എന്നുള്ളത് പരിശോധിക്കേണ്ടിയിരിക്കുന്നു. സഭയിലെ ജനങ്ങൾക്ക് ഇപ്പോൾ യാതൊരു ഉത്സാഹവും താല്പര്യവും ഇല്ലാതെയാണ് ആയിരിക്കുന്നത്. ഇതിന്റെ ഏറ്റവും വലിയ കാരണം ഒരു ശരിയായ പ്രാർത്ഥനയുടെ കുറവാണ്. എല്ലാ മീറ്റിംഗുകളിലും നമ്മൾ ക്ക് കാണാം. വചന പ്രഘോഷനത്തിന്റെ നേരിട്ടുള്ള നിലവാരമാണ് ജനങ്ങൾ ഇന്ന് അളക്കുന്നത്, അതെ സമയം മനസ്സോടെയുള്ള കൂട്ടായ പ്രാർ ത്ഥന തിരസ്കരിക്കുകയാണ്.

സഭയിലെ വിവിധ കാര്യാദികൾ നടത്തുന്നതിനു പുറകിൽ നല്ല അദ്ധ്വാനം ആവശ്യമാണ്. എന്നാൽ കൂട്ടായിട്ടുള്ള / ഒരുമിച്ചിരുന്നുള്ള പ്രാർത്ഥനകളിൽ മാത്രമാണ് ദൈവത്തിന്റെ ശക്തിയും സാന്നിദ്ധ്യവും നമ്മുടെ ഇടയിൽ വെളിപ്പെടുന്നത്. ആദ്യ നൂറ്റാണ്ടിലെ സഭകൾ പ്രാർത്ഥനയ്ക്കാണ് പ്രാധാന്യം കൊടുത്തിരുന്നത്. അതു പോലെ ഇടയന്മാരോ സഭയെ പ്രാർത്ഥനയ്ക്കായിട്ട് ഒരുക്കുകയും, ഉത്സാഹപ്പെടുത്തുകയും ചെയ്തു. നമ്മുടെ പ്രാർത്ഥന കൂട്ടായ്മകളിൽ പ്രാർത്ഥനകളെ ഉയർത്തെഴുന്നേൽപ്പിക്കുന്നതു കൂടുതൽ ചൈതന്യവത്ക്കരിക്കുന്നതിലുള്ള ഇടയന്മാരുടെ പങ്ക് വളരെ നിർണ്ണായകമായതു സഭ അതിശയോക്തിയോടുകൂടി പറയേണ്ടതു അല്ല. താങ്കൾ ഒരു ശരിയായ സമയം പ്രാർത്ഥനയിൽ ചെവലവിടുന്നോ ആരാധനകളിൽ കൂടി ഒരു വലിയ രൂപാന്തരം സഭയ്ക്കു മുഴുവനായിട്ടു ഉണ്ടാകുവാനുമായിട്ട്.

ഭവനങ്ങളെ പ്രാർത്ഥന കൂടാരമാക്കുക:

ധാരാളം സഭയിൽ പ്രാർത്ഥന ഒരു കേവലം ആരാധനയുടെ ഭാഗം മാത്രമാണ് ആകുന്നത്. അവർ പ്രാർത്ഥിച്ച് ആരാധനകൾ തുടങ്ങുകയും പ്രാർത്ഥിച്ച് ആരാധനകൾ അവസാനിപ്പിക്കുകയും ചെയ്യുന്നു. ചില സഭകളിൽ വാരാന്ത്യ പ്രാർത്ഥനകൾ ഉണ്ട്. ഇതിലെല്ലാം ഒരു പിടി ആൾക്കാർ പങ്കെടുക്കുകയും ചെയ്യും. ഒരു വലിയ സഭയിലെ പാസ്റ്റർ വളരെ വിഷമിക്കുന്നു. കാരണം പ്രാർത്ഥനയ്ക്കു ജനം വളരെ കുറച്ചു സമയമാത്രമാണ് ചെലവിടുന്നത്. അതുകൊണ്ട് അനേകം ശുശ്രൂഷ സമയങ്ങളിലും പ്രാർത്ഥനയുടെ പ്രാധാന്യത്തെ വെളിപ്പെടുത്തുന്ന വചനഘോഷണം നടത്തപ്പെടുന്നു. ഇത് ചിലപ്പോൾ ഏകദേശം ഒരു വർഷത്തോളം സമയം എടുക്കുന്നു. എന്നാൽ ഈ കഠിനാദ്ധ്വാനത്തിന്റെ യാതൊരു പരിണിത ഫലവും വെളിപ്പെടുന്നുമില്ല. പ്രായോഗിക തലങ്ങളിൽ കൂട്ടായ ഒരുമിച്ചുള്ള പ്രാർത്ഥന ജനങ്ങളെ ജീവിതത്തിൽ നടക്കാതെ കേവലം സംസാരം കൊണ്ട് ഒരു സഭയെ പ്രാർത്ഥനകൂടാരമാക്കി രൂപാന്തരപ്പെടുത്തുവാൻ സാധ്യമല്ല. ഒരു പ്രാർത്ഥന സഭയെ പണിയുവാൻ/ നിർമ്മിച്ചെടുക്കുവാൻ പ്രാർത്ഥനയ്ക്കായിട്ടും ജീവിതങ്ങൾ സമർപ്പിക്കപ്പെട്ടും തീരുമാനത്തോടും സഹകരണമനോഭാവത്തോടും ജനങ്ങൾ ഒറ്റകെട്ടായി നിന്നാൽ മാത്രമേ സാധിക്കുകയുള്ളൂ. പ്രസംഗിക്കുന്നത് വളരെ പ്രാധാന്യമുള്ളതാണ്. എന്നാൽ സഭയെ മുഴുവൻ പ്രാർത്ഥനയിൽ താല്പര്യമുള്ളവരാക്കി തീർക്കുകയും അതിനായിട്ടു ജനങ്ങളെ സമർപ്പണത്തിലേയ്ക്കു നയിക്കുകയും ചെയ്യുന്ന ഇടയന്മാർ ഉള്ള സഭകളിൽ പ്രാർത്ഥനകൾ അവർക്കു ഒഴിച്ചു കൂടാനാവാത്തതും, ആ സഭയിലെ വചന പ്രഘോഷണം സഭയെ കൂടുതൽ രൂപാന്തരണത്തിലേയ്ക്ക് നയിക്കുകയും ആ സഭ ഒരു പ്രാർത്ഥന ബിൽഡിംഗ് ആയി പരിണമിക്കുകയും ചെയ്യും.

ചില പ്രായോഗിക നിർദ്ദേശങ്ങൾ:

*നിങ്ങളുടെ സഭയുടെ പ്രാർത്ഥന മീറ്റിംഗിനു വേണ്ടി പ്രാർത്ഥിക്കുക. പ്രാർത്ഥനയിൽ ദൈവം നിങ്ങൾക്കു നല്കുന്ന സൃഷ്ടിപരമായ നിർദ്ദേശങ്ങൾ കേൾക്കുകയും അപ്രകാരം സഭയെ പ്രാർത്ഥനയിൽ ക്രമീകരിക്കുക.

* ദൈവ കേന്ദ്രീകൃതമായ പ്രാർത്ഥന മീറ്റിംഗികൾക്കുമായിട്ടു തയ്യാറാകുക. ദൈവത്തെ ആരാധിക്കുന്നതായിരിക്കണം ആദ്യപടി. ദൈവനാമത്തെ ആദരിക്കുകയും ദൈവരാജ്യം വരുന്നതിനായിട്ടു പ്രവർത്തിക്കുകയും ചെയ്യുക. ദൈവഹിതം നടക്കുന്നതിനുവേണ്ടി കാര്യങ്ങൾ ഒരുക്കുക, ആവശ്യങ്ങൾ പരിഹരിക്കുന്ന പ്രാർത്ഥനകൾ ഉണ്ടാകണം. മാനുഷികമായ പരിഗണനകളും അപേക്ഷകളുമെല്ലാം ആവശ്യമാണ്. എന്നിരുന്നാലും അതെല്ലാം ദൈവപരിഗണനകൾക്കു ശേഷം മാത്രമായിരിക്കണം.

* ഒരുമിച്ചും സഹകരിച്ചുമുള്ള ഗാനങ്ങൾ പാടിയും സ്തുതിച്ചുമായിരിക്കണം നിങ്ങളുടെ കൂട്ടായ്മകളിൽ പ്രാർത്ഥനകൾ നടത്തുവാൻ. ആത്മ നിറവിലുള്ള ഒരു ആരാധന ലീഡർ നിങ്ങളുടെ സഭയിൽ ഉണ്ടായിരിക്കുന്നുവെങ്കിൽ അങ്ങനെയുള്ള ആരാധന കൂട്ടായ്മയിലുള്ളവരെ ഒരു പ്രത്യേക ആത്മിക അന്തരീക്ഷത്തിലേയ്ക്കു നയിക്കുകയും അവർ ആത്മാവിൽ ആരാധിക്കുവാൻ തുടങ്ങുകയും ചെയ്യും. ആനന്ദവും സന്തോഷവുമുള്ള ആരാധന ഗാനങ്ങളാൽ ആരാധന തുടങ്ങുന്നത് നല്ലതാണ്. അതിനു ശേഷം ഒരു ചെറിയ വചന പ്രബോധനം നടത്തുകയും അത് അവർക്ക് ഒരു വെല്ലുവിളിയാക്കി തീർക്കണം. ജനത്തെ കൂട്ടംകൂടുവാൻ അനു

(ശേഷം 8-ാം പേജിൽ)

(2-ാംപേജിന്റെ തുടർച്ച)

മിണ്ടാതിരുന്നു ഞാൻ ദൈവമെന്നു അറിഞ്ഞുകൊൾവിൻ

ശത്രുവും, സാമൂഹിക തരംതിരിവും സദാ മനുഷ്യന്റെ മേൽ അന്ധകാരം വീഴ്ത്തുവാനാണ് ശ്രമിക്കുന്നത്. ആയതിനാൽ ഈ വർത്തമാന കാലഘട്ടത്തിൽ വെളിച്ചവും ഇരുളും തമ്മിലുള്ള ഒരു യുദ്ധമുള്ളതായി നാം ഗ്രഹിക്കുന്നു. ഈ പോരാട്ടം അക്രമാസക്തമായി തീർന്നേക്കാം, എന്നാൽ ഒരു വിശ്വാസി സ്വർഗ്ഗത്തിൽ നിന്നുള്ള സന്തോഷകാത്മകമായ ശബ്ദമാണ് ശ്രവിക്കുന്നത്. അന്ന് അവന്റെ ജീവിതത്തിനു മുമ്പിൽ ഉയർന്നു വരുന്ന സകല ഭയത്തെയും നശിപ്പിച്ച് കളയുകയും ചെയ്യുന്നു, മിണ്ടാതിരുന്നു ഞാൻ ദൈവമെന്നു അറിഞ്ഞുകൊൾവിൻ.

ഒരു വളരെ പ്രത്യേകമായ സത്യമുള്ള കാര്യം ദൈവത്തെ ഭക്തിയോട് ആശ്രയിക്കുന്ന ഒരു ദൈവപൈതൽ അറിഞ്ഞിരിക്കണം. ദൈവമക്കളാണ് ഈ ലോകത്തെ ഭരിക്കുവാൻ പോകുന്നത്. ദേശത്തിന്റെ വിധി ഭക്തന്റെ കരങ്ങളിലാണ് ഇരിക്കുന്നത്. വിശ്വാസികളാണ് വ്യക്തികളുടെയും കുടു:ബങ്ങളുടെയും വളരെ നിസ്സാരമായ കാര്യങ്ങളിൽ പോലും തീരുമാനം എടുക്കുവാനുള്ളവർ ഒരു പക്ഷേ ത ന്റെ സുഹൃത്തുക്കളുടെയും പിതാവിന്റെ കാര്യങ്ങൾ പോലും.

ദൈവത്തെക്കുറിച്ച് നമ്മൾ കൂടുതൽ അറിയുമ്പോൾ അവന്റെ ശക്തി, ജ്ഞാനം, സ്നേഹം, വിശ്വസ്തതയും, സത്യവും, അത്രയും നമ്മൾ അവിടുത്തെ സിംഹാസനത്തിന്റെ മുമ്പിൽ വണങ്ങുവാനും, അധികം വിനയത്തോടെ ആരാധിക്കുവാനും, നമ്മളെ ദത്തെടുത്ത് അവിടുത്തെ മക്കളാക്കി തീർന്നതിനാൽ അധികം ആത്മവിശ്വാസത്തോടെയും സ്നേഹത്തോടെയും നമ്മെ അവനെ സ്നേഹിക്കുവാൻ കഴിയും.

ദൈവത്തിൽ ക്രിസ്തുവിനെ അറിയുക, ക്രിസ്തുവിനെ ദൈവത്തിന്റെ ഉടമ്പടികാരനായ ദൈവമെന്നു അറിയുക, ക്രിസ്തുവിനെ നമ്മുടെ ദൈവം അറിവോടെ ഉടമസ്ഥരും വലിയ കടൽ ക്ഷോഭത്തിന്റെയും പ്രശ്നങ്ങളുടെയും കൊടുങ്കാറ്റുകളുടെയും എല്ലാം മധ്യത്തിൽ യഥാർത്ഥ സമാധാനത്തിന്റെ രഹസ്യം എന്താണെന്ന് കർത്താവിൽ കൂടി മാത്രമെ സാധ്യമാകു. ഈ അറിവാണ് നമ്മളെ കുറ്റാരോപിതമായ സമൂഹത്തിൽ, നമ്മളെ ധൈര്യത്തോടെ നിർത്തുകയും ആയസ രഹിതമായിട്ടും സ്വസ്ഥതയോടെ ജീവശ്വാസം ആസ്വദിക്കുവാനും അങ്ങനെ അവിടുത്തെ കരങ്ങളിൽ നമ്മൾക്ക് നിർഭയം വസിക്കുവാനും കഴിയും. വിശ്വാസം ദർശിക്കുന്ന ദൈവത്തിന്റെ പരിപൂർണ്ണതയും അവിടുത്തെ നാമത്തിന്റെ ബഹുമാനവും. പ്രത്യാശയ്ക്ക് ദൈവത്തിന്റെ കാര്യങ്ങളിലുള്ള പൂർത്തീകരണങ്ങളിൽ കൂടുതലായിട്ട് പ്രതീക്ഷിക്കുവാനും ഒരു വനെ ഒരുവന്റെ ദൈവീക കാര്യങ്ങളുടെ പ്രവൃത്തികളെ കുറിച്ചുള്ള അറിവിന് പൂർണ്ണത ഉണ്ടാകുകയും ചെയ്യുന്നു. സ്നേഹം അതിൽ സന്തോഷിക്കുകയും, ആത്യന്തികമായിട്ട് ആത്മാവ് അതിൽ ആയിതീരുകയും ചെയ്യുന്നു. ക്ഷമ ശാന്തതയോട് കാത്തിരിക്കുകയും ആ സമയം ചഞ്ചലമായ എല്ലാ സാഹചര്യങ്ങൾക്കും വിടുതൽ ലഭിക്കുകയും അങ്ങനെ ദൈവിക അനുഗ്രഹത്തിന്റെ കൊയ്ത്തുകാലം അനുഭവിക്കുവാനും സഹായിക്കുമെന്നുള്ള ദൈവത്തിന്റെ സത്യമായ വാഗ്ദത്തങ്ങൾ അവിടുത്തെ എല്ലാം നന്മകൾക്കായിട്ടുള്ള വിശ്വസ്ത പ്രവൃത്തികളിൽ കൂടി അവിടുന്ന് വെളിപ്പെടുത്തികൊണ്ടിരിക്കുന്നു.

ദൈവികമായ പരമാധികാരം

വരിക, അല്ലയോ എന്റെ ആത്മാവേ ഈ ഭാഗ്യങ്ങളുടെ ദൈവമായവനിൽ നിന്ന് പഠിച്ച് അറിവു നേടുമോ ദൈവത്തിൽ ആശ്രയിക്കുന്നവന്റെ നന്മകൾ. “ എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽ നിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്നു ഇറങ്ങി വരുന്നു. അവനു വികാരമോ ഗതിഭേദത്താലുള്ള ആഛാദനമോ ഇല്ല ” (യാക്കോബ്. 1:17). “ ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഊവ്വ് എന്നത്രേ. അതുകൊണ്ട് ഞങ്ങളാൽ ദൈവത്തിനു മഹത്വം ഉണ്ടാകുമാറു അവനിൽ ആമേൻ എന്നു തന്നേ ” (2കൊരി. 1:20). “ അവൻ പാറ. അവന്റെ പ്രവൃത്തി അത്യുത്തമം. അവന്റെ വഴികൾ ഒക്കെയും ന്യായം ” (ആവ. 32:4). “ അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ ” (1പത്രൊ. 5:7). അങ്ങനെ എല്ലാ കാര്യങ്ങളിലും മിണ്ടാതിരുന്നു, ഞാൻ ദൈവമെന്നു അറിഞ്ഞുകൊൾവിൻ.

എല്ലാ കാര്യങ്ങളും എല്ലായ്പ്പോഴും മാറികൊണ്ടിരിക്കുമ്പോൾ ഇവിടെ വളരെ സചേതനമായ പ്രതിഫലനമാണ് ദൈവവചനത്തിൽ കൂടി നമ്മൾക്ക് ലഭിക്കുന്നത്. ആരംഭത്തിങ്കൽ തന്നേ അവസാനവും പൂർവ്വകാലത്തു തന്നേ മേലാൽ സംഭവിപ്പാനുള്ളതു ഞാൻ പ്രസ്താവിക്കുന്നു. എന്റെ ആലോചന നിവൃത്തിയാക്കും; ഞാൻ എന്റെ താല്പര്യം ഒക്കെയും അനുഷ്ടിക്കും എന്നു ഞാൻ പറയുന്നു (യെശ. 46:10). “ യഹോവയായ ഞാൻ മാറാത്തവൻ; അതുകൊണ്ടു യാക്കോബിന്റെ പുത്രന്മാരെ, നിങ്ങൾ മുടിഞ്ഞുപോകാതിരിക്കുന്നു ” (മലാഖി 3:6). ദൈവത്തിന്റെ ലക്ഷ്യങ്ങൾ എല്ലാ നേരെയുള്ളതു, അതിന്റെ പൂർത്തീകരണത്തിനായിട്ട് പ്രവർത്തിക്കുകയും ചെയ്യുന്നു. പലപ്പോഴും പല കാര്യങ്ങളിലുംനമ്മുടെ ഹൃസ്വദൃഷ്ടിയോടു നമ്മൾ കാണുകയും ദൈവത്തിന്റെ പ്രവൃത്തികൾ നമ്മൾക്കായിട്ടുള്ളതു തടസ്സപ്പെടുകയും ചെയ്യുന്നു. പീഡകർ എഴുന്നേൽക്കുകയും നല്ല ഊർജ്ജസ്വലതയോടുകൂടി നിൽക്കുന്ന തന്റെ വേലക്കാരെ തകർത്തു കളയുകയും ചെയ്യണം. മരണങ്ങൾ തന്റെ മുന്തിരിതോട്ടത്തിലെ ശ്രേഷ്ടന്മാരായ വേലക്കാരെ തകർ ത്തുകളയുന്നു. അദൃശ്യനായ സഹാചര്യങ്ങൾ ഉദയം ചെയ്യുകയും സുവിശേഷത്തിന്റെ വളർച്ചയെ പരിശോധിക്കുകയും ചെയ്യുന്നു. അതുകൊണ്ട് നമ്മൾ ദാവീദിനെ പോലെ ഉയർത്തി പറയുവാൻ തയ്യറാകുകയും മനുഷ്യന്റെ കയ്യിൽ ഞാൻ വീഴരുതേ എന്നു പറഞ്ഞു (2ശമു. 24:14). എന്നാൽ ഇത് നിരാശയുടെ ഭാഷയല്ല; ആത്മാവിന്റെ ഭാഷനോക്കുന്നത് അന്ധകാരത്തിന്റെ വിഷാദത്തിന്റെ മാധ്യമത്തിലാണോ? മനുഷ്യന് ഒരിക്കലും ഉണ്ടായിട്ടില്ല, ഒരിക്കലും ഉണ്ടാകുകയില്ല, ഉയരങ്ങളിലെ കരങ്ങൾ.

ദാവീദ് പാടുന്നത് ശരിയായ ചട്ടകൂട്ടിൽ നിന്നുകൊണ്ടാണ് “യഹോവ വാഴുന്നു എന്നു ജാതികളുടെ ഇടയിൽ പറവിൻ ” (സങ്കീ. 96:). ഇത് ഒരു വിജയാഘോഷണത്തിന്റെ ഗാനമാണ്. മുകളിൽ നിന്നു ഹല്ലലൂയ്യ! “ സർവ്വശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവു രാജത്വ ഏറ്റിരിക്കുന്നു ” (വെളി. 19:6).

ദൈവീകമായ മുൻ പദ്ധതിയില്ലാത്ത ഒന്നും തന്നെ ഒരിക്കലും സംഭവിക്കുന്നില്ല. സംഭവിക്കുന്നതെല്ലാം അവിടുത്തെ അറിവോടും അനുവാദത്തോടും കൂടിയാണ്. സർവ്വശക്തൻ ആരംഭത്തിൽ തന്നേ അവസാനം കണ്ടിരിക്കുന്നു. അവിടുന്ന് അറിയുന്നു അവന്റെ

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

മിണ്ടാതിരുന്നു ഞാൻ ദൈവമെന്നു അറിഞ്ഞുകൊൾവിൻ

പ്രവൃത്തികളും, അനന്തമായ കാലഘട്ടങ്ങളിൽ നിന്നു എല്ലാ സംഭവങ്ങളും. അവിടുന്ന് ശക്തിയോടെ അടിസ്ഥാനമിട്ടിരിക്കുകയാണ്. അവിടുത്തെ അനന്തമായ പ്രവൃത്തികളെ നന്മകളും, നീതിയും, കരുണയും “ യഹോവ സകലത്തെയും തന്റെ ഉദ്ദേശ്യത്തിനായി ഉണ്ടാക്കിയിരിക്കുന്നു. അനർത്ഥ ദിവസത്തിനായി ദുഷ്ടനെയും കൂടെ ” (സദൃ ശ. 16:4).

അങ്ങനെയെങ്കിൽ എന്തിനെങ്കിലും അവിടുത്തെ ദൃഷ്ടികൾക്ക് മറഞ്ഞിരിക്കുന്നതോ, അവിടുത്തെ പദ്ധതികളെ ദുർബ്ബലപ്പെടുത്തുകയോ, അവിടുത്തെ ലക്ഷ്യങ്ങളെ നിർവീര്യമാക്കുകയോ ചെയ്യുന്നുണ്ടോ? ഏതെങ്കിലും ഒരു മനുഷ്യനു സകലതും ദാനമായി നല്കുന്ന ദൈവത്തിനു എതിരായി എഴുന്നേറ്റു നില്ക്കുവാൻ സാധിക്കുമോ? മനുഷ്യന്റെ സമതുലിതമായ നിലനിൽപ്പിനായി പ്രവർത്തിക്കുന്ന ഉയരങ്ങളിലെ കരങ്ങൾക്കെതിരായി ആർക്ക് പ്രവർത്തിക്കുവാൻ കഴിയുന്നത്? ആഹാ! ഇല്ല! അത്യുന്നതന്റെ എല്ലാ പ്രൃത്തികളെയും സകല ചരാചരങ്ങളും അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. അവിടുത്തെ ഹിതം നിറവേറുവാൻ ആഗ്രഹിക്കുന്നു. അവന്റെ കണ്ണുകളുടെ ദൃഷ്ടി പിൻവലിക്കുമ്പോൾ സകലതും നശിക്കുകയും പൊടിയിലേക്ക് തിരികെ പോകുകയും ചെയ്യുന്നു. ഉയരങ്ങളിലും കൂടുതൽ അകലമായിട്ടു നമ്മൾക്ക് ഇതിൽ നിന്നു പോകുവാൻ കഴിയുകയില്ല. “ ഞാൻ അല്ഫയും ഓമേഗയും ഒന്നാമനും ഒടുക്കത്തവരും ആദിയും അന്തവും ആകുന്നു ” (വെളി. 22:13).

മേഘങ്ങളും അന്ധകാരവും നിത്യതയുടെ സിംഹാസനത്തിനു ചുറ്റു വന്ന് നിന്നേക്കാം, അവിടുത്തെ ശോഭയുള്ള പ്രവൃത്തികളെ മൂടിവെച്ചേക്കാം, എന്നാൽ വിശ്വാസത്താൽ മൂടുപടത്തെ കുത്തിതുളയ്ക്കുവാനും അങ്ങനെ ഈ അന്ധകാരത്തിന്റെ ദൃശ്യങ്ങളെ നശിപ്പിക്കുവാനും ഉദിച്ചുവരുന്ന ഇമ്മാനുവേലായ ദൈവത്തിന്റെ മഹത്വത്തെ കാണുവാനും കൃപ ലഭിക്കും.

വിശ്വാസത്തിന്റെ അനുഗ്രഹങ്ങൾ

എത്രയോ മഹത്വകരമാണ് യഥാർത്ഥ മതത്തിന്റെ അനുഗ്രഹങ്ങൾ! എത്രയോ ഭാഗ്യകരമായ രീതിയിൽ നമ്മൾ ഉള്ളവനാണ് ദൈവ പൈതൽ! അത്യുന്നനായവന്റെ അനുവാദവും അറിവുംകൂടാതെ ഒന്നും സംഭവിക്കാതിരിക്കുമ്പോൾ “എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മക്കായ് കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു” (റോമ. 8:28).

പിശാച് നമ്മെ രോഷത്തോടെ പ്രയാസപ്പെടുത്തിയേക്കാം, ലോകം മുഴുവൻ നമ്മൾക്ക് എതിരായിട്ട് ദുഷിച്ചേക്കാം, നമ്മൾക്ക് എതിരായേക്കാം, എളിയവരുടെ വിശ്വാസത്തിന്റെ പേരിൽ നന്മകൾ/ ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടേക്കാം, ഇതിന്റെയെല്ലാം മദ്ധ്യത്തിൽ വലിയ തിരമാലകളുടെ എല്ലാം നടുവിൽ ഭക്തന്റെ ആത്മാവ് കർത്താവിന്റെ കരങ്ങളിൽ സുരക്ഷിതമായിരിക്കും. “ നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു ” (കൊലോ. 3:3). അവൻ ഒരു പകഷേ ഞരങ്ങിയേക്കാം, ഭാരപ്പെട്ടേക്കാം, (2കൊരി. 5:4). എന്നിരുന്നാലും അവനു സന്തോഷിക്കാം. അവൻ കാലഘട്ടത്തിന്റെ യവനികകളിൽ കൂടി നോക്കുകയാണ് മഹത്വകരമായ നിത്യതയുടെ നാളുകൾക്കായിട്ട് വളരെ സന്തോഷകരമായ പ്രത്യാശയോടുകൂടി മൂടുപടം മറ നീക്കി താൻ എത്രയും വേഗം നിത്യതയിൽ പ്രവേശിക്കുവാനുള്ള ഉത്സാഹത്തോടെ അവൻ എല്ലാം സഹിക്കുന്നു വളരെ ക്ഷമയോടുകൂടി ഈ ക്ഷണഭംഗുരമായ മനുഷ്യ ജീവിതത്തിന്റെ സമയങ്ങളെ

അവൻ ലൗകികനായതുകൊണ്ടല്ല, അവനു അറിയാം, യാതൊരു സന്തോഷവും ഇല്ലെന്ന് എന്നാൽ അവനെ നയിക്കുന്ന ദൈവാത്മാവിന്റെ കൂട്ടായ്മയ്ക്കു വലിയ പ്രാധാന്യം കൊടുത്തുകൊണ്ടു ഒരു പക്ഷേ തന്റെതായ സ്വഭാവങ്ങളെ കൂറെകൂടി വിശുദ്ധീകരിച്ചുകൊണ്ട് മാനുഷിക ബുദ്ധിയിൽ വന്നേക്കുന്നതു സ്വാധിനിച്ചേക്കാവുന്നതുമായ ആശയങ്ങളെയെല്ലാം നിസ്സാരവല്കരിച്ചുകൊണ്ടു ദൈവഹിതം ചെയ്തു ജീവിക്കുവാൻ കൂടുതൽ ബ്ദ്ധ്രശ്രദ്ധയുള്ളവനായി തീരുകയാണ് ചെയ്യുന്നത്. അതെ സ്വർഗ്ഗീയമായ സൗഭാഗ്യങ്ങളും സന്തോഷങ്ങളും തന്റെ രക്ഷകനുമായിട്ടുള്ള ആ സ്നേഹം കൂട്ടായ്മയിൽ കൂടി, വളരെ സന്തോഷകരമായ ആസന്ന ഭാവി കാലത്തിലെ അനുഗ്രഹങ്ങളെ ധ്യാനിച്ചു, അതിനായി കാത്തുരുന്നു ഈ മരുഭൂപ്രയാണം കാണുമ്പോൾ മറ്റുള്ളവർക്ക് അവൻ ഒരു തികഞ്ഞ അപരിചിതനായി മാറിയേക്കാം. അവനു ഭാവി കാലം അറിയപ്പെടാത്ത ഇരുൾ ആണ്.

റ്റീസ് ട്രൂ അവൻ സ്വർഗ്ഗത്തിലെ നരകത്തെ ഇഷ്ടപ്പെട്ടിരുന്നു. രണ്ടിന്റെ തിരഞ്ഞെടുപ്പിൽ, വളരെ ബോധപൂർവ്വം ദൈവത്തിന്റെ വെളിപ്പാടുകൾ മറന്നു കളഞ്ഞു. അതുകൊണ്ട് അവൻ ചിന്തിച്ചത് നരകം / യാതന സ്ഥലം എന്നത് യാഥാർത്ഥമല്ലായിരിക്കാം എന്നാണ്. അവൻ മരണത്തെ ഒരിക്കലും ഉണരാത്ത ആ അനന്തമായ ഉറക്കമായിരിക്കാം എന്നു ചിന്തിച്ചു. ആത്മാർത്ഥതയോടു ദൈവത്തെ അനുകരിച്ചില്ലെങ്കിലും സ്വയം മുഖസ്തുതികൾ പറഞ്ഞ് നടന്നതു കർത്താവ് ദയ ഉള്ളവനായാൽ ദയ കാട്ടും എന്നാണ്. അങ്ങനെ ചിന്തിച്ചു പോയ അവൻ മരണത്തിന്റെ ഹസ്തങ്ങളിൽ അകപ്പെടുകയും വളരെ ഭീതിജനകമായ അനുഭവത്തിൽ എത്തിച്ചേരുകയും ചെയ്തു, അങ്ങനെ അവനു ബോധ്യമായ തന്റെ ഭ്രാന്തമായ അന്ധ വിശ്വാസം കാരണമാണ് ഇതു സംഭവിച്ചതെന്ന്.

സന്തോഷം, മൂന്നു മടങ്ങ് സന്തോഷമാണ് ഒരുവൻ ദൈവത്തിന്റെ അടുക്കലേക്കു വന്നിട്ടു അവിടെ മാറ്റമില്ലാത്ത വചനങ്ങളും വാഗ്ദത്തങ്ങളും ഒരു ശിശുവിനെ വിശ്വസിക്കുന്നവർക്കും അപ്രകാരം പ്രവർത്തിക്കുകയും ചെയ്യുന്നവർ.

അങ്ങനെയുള്ളവർ കർത്താവിനെ അവരുടെ എല്ലാ കാര്യങ്ങളിലും കാണുകയും അറിയപ്പെടാത്ത മന്നയാൽ അവർ പോഷിപ്പിക്കപ്പെടുകയും ചെയ്യുന്നു. അവനു ദൈവത്തിന്റെ വാഗ്ദത്തങ്ങൾ മുഴുവൻ സത്യവും, സുഖകരവും ആയിട്ടാണ്. അതെല്ലാം ഒരു പാറയിൽ എന്നതുപോലെ അവനു സുരക്ഷിതത്വം കൊടുക്കുന്നു.

അവൻ അറിയുന്നു, കർത്താവിന്റെ മഹത്വകരമായ ദിനങ്ങൾ ആസന്ന ഭാവി ദിനങ്ങളിൽ തനിക്കായിട്ടു വെളിപ്പെടുമെന്നും, അതുകൊണ്ടു നിരാശപ്പെട്ടുപോകാതെ, തന്റെ പ്രതീക്ഷയെ മൂർച്ച വരുത്തിയിട്ട് കാത്തിരിക്കുകയാണ്. വളരെ ഭീകരമായ ദിനരാത്രികൾ ഉള്ളപ്പോഴും അവൻ കേൾക്കുകയാണ് തന്റെ കൃപാലുവായ കർത്താവ് വളരെ നല്ല ഉച്ചാരശുദ്ധിയോടുകൂടിയും മാധുര്യമായിട്ടു സുഖകരമായിട്ടും തന്റെ എല്ലാ ഭീതികളെയും തകർത്തുകൊണ്ട് സംസാരിക്കുകയാണ്, “ മിണ്ടാതിരുന്നു, ഞാൻ ദൈവമെന്നു അറിഞ്ഞുകൊൾവിൻ. അതെ

(ശേഷം 8-ാം പേജിൽ)

(5-ാം പേജിന്റെ തുടർച്ച)

എങ്ങനെയാണ് പ്രാർത്ഥന കൂട്ടായ്മകൾ പുനരുത്ഥാനം ഉണ്ടാകുന്നത്.

വദിക്കുകയും വചന ദൂതുകൾ/ ആലോചനകൾ അംഗീകരിക്കുവാൻ തയ്യാറാക്കുകയും ചെയ്യുക. ചില പാട്ടുകൾ ഈ സമയത്ത് പാടുന്നത് നന്നായിരിക്കും. അതിനു ശേഷം സ്വയം സമർപ്പണത്തിനു ജനങ്ങൾ ഒരുങ്ങുന്നതു ആത്മീക വളർച്ചയ്ക്കു വളരെ ഗുണകരമാണ്. ഒരു ആരാധന മുഴുവൻ തീരുന്നതുവരെ മുകളിൽ വിവരിച്ച കാര്യങ്ങൾ തുടരുന്നതു മെച്ചമാണ്.

* പ്രാർത്ഥന കൂട്ടായ്മകൾ / മീറ്റിംഗുകളിൽ ജീവിതം ആയിരിക്കണം വളരെ പ്രധാനപ്പെട്ടതു. അല്ലാതെ പ്രാർത്ഥന മീറ്റിംഗുകളുടെ സമയം / എത്രനേരം എന്നുള്ളതല്ല പ്രാധാന്യം. ഇത് തികച്ചും വ്യത്യസ്തമാണ്. നിങ്ങൾ എങ്ങനെ ക്രമീകരിച്ചിരിക്കുന്നു എന്നത് നിങ്ങൾക്ക് മാത്രം അറിവുള്ളതാണ്. ഗ്രൂപ്പുകളുടെ പ്രാർത്ഥന, കുടുംബപ്രാർത്ഥന, ഉച്ചത്തിൽ പ്രാർത്ഥിക്കുക ഇതെല്ലാം നിങ്ങൾക്കു ചെയ്യാവുന്നതാണ്. വ്യക്തിഗതമായിട്ടു പ്രാർത്ഥിക്കാം. ഭാരത്തോടുകൂടി പ്രാർത്ഥിക്കേണ്ടതുമുണ്ട്. രോഗികൾക്കു വേണ്ടി പ്രാർത്ഥിക്കണം. രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി പ്രാർത്ഥിക്കണം. നിങ്ങളുടെ കൂടിവരവുകളിൽ ദൈവീക സാന്നിദ്ധ്യം ഇറങ്ങിവരുന്നതിനും ഉണർവ്വ് നടക്കുന്നതിനുമായിട്ടു വേണ്ടിയും പ്രാർത്ഥിക്കണം.

* നിങ്ങളുടെ പ്രാർത്ഥന ബുള്ളറ്റിൽ നിന്നു എല്ലാ മാനുഷിക ആവശ്യങ്ങളുടെ ലിസ്റ്റുകളും ഒരാഴ്ചക്കുള്ളിൽ തന്നെ മാറ്റണം, സമാന്തരമായിട്ട് ദൈവകേന്ദ്രീകൃതമായ വിഷയങ്ങൾക്ക് സ്ഥാനം കൊടുക്കുക. ഇത് ജനത്തിന്റെ ശ്രദ്ധയെ അതിലേക്ക് ആകർഷിക്കൂ!

* പ്രാർത്ഥന മീറ്റിംഗുകളിൽ സാരമായ മാറ്റം വരട്ടെ. ജനങ്ങൾ അവരുടെ പ്രാർത്ഥന വിഷയങ്ങൾ വായ്കൊണ്ടു പറയാതെ തന്നെ പ്രാർത്ഥിക്കുവാൻ തുടങ്ങട്ടെ. ജനങ്ങളെ ഉത്സാഹിപ്പിക്കുക, ദൈവത്തിൽ വിശ്വസിക്കുവാനും, വിശ്വാസം പ്രയോഗിക്കുവാനും മറ്റുള്ളവർക്കുവേണ്ടി അവരുടെ ആവശ്യങ്ങൾ അറിഞ്ഞും ബുദ്ധിമുട്ടുകൾ അറിഞ്ഞും പ്രാർത്ഥിക്കുവാൻ മുന്നോട്ടുവരട്ടെ.

* പ്രാർത്ഥനയ്ക്കു ദൈവ പ്രവൃത്തി വെളിപ്പെടുമ്പോൾ അതിൽ അതിയായിട്ടു നമ്മൾക്ക് സന്തോഷിക്കാം.

(7-ാം പേജിന്റെ തുടർച്ച) ❖

മിണ്ടാതിരുന്നു ഞാൻ ദൈവമെന്നു അറിഞ്ഞുകൊൾവിൻ

അവിടുന്ന് നമ്മെ പൂർണ്ണമായ സമാധാനത്തോടെ കാത്തു സൂക്ഷിക്കും.

പൂർണ്ണമായ വിശ്വാസം

വരിക, അല്ലയോ എന്റെ ആത്മവേ, ധൈര്യമായിരിക്കുക. മുഖം വിഷാദിക്കേണ്ട, മനുഷ്യൻ നെറ്റി ചുളുക്കുന്നതുപോൽ നീ ചെയ്യരുത്. യഹോവ വാഴുന്നു. ഭൂമി അവന്റെ മുമ്പിൽ നിശ്ശബ്ദമായിരിക്കുന്നു. ദാവീദിനോടു ചേർന്ന് പാടാം, കിംഗ് മാർട്ടിൻ ലൂഥറിനോടു ചേർന്ന് നമ്മൾക്കു പാടാം. " ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു " (സങ്കീ. 46:1).

ഭൂമിയിലെ കഷ്ടതകളെ കണ്ടിട്ട് ഒരിക്കലും ആശ്ചര്യപ്പെട്ടുപോകരുത്. ഭരണകർത്താക്കളുടെ പെരുമാറ്റം കണ്ടിട്ട് അധൈര്യപ്പെട്ടുപോകരുത്. ദൈവത്തെ മാത്രം ഭയപ്പെടുക; അവിടുത്തെ വാഗ്ദത്തങ്ങളിൽ വിശ്വസിക്കുക; അവനെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുക; എല്ലാം നിങ്ങളുടെ നന്മക്കായിട്ടു കൂടി വ്യാപരിക്കും, അവിടുന്ന് വാഗ്ദത്തം ചെയ്തതുപോലെ അവന്റെ മഹത്വനായിട്ട്.

ജീവിതം വളരെ തീർന്നുകൊണ്ടിരിക്കുകയാണ്. നിത്യത വാതിൽക്കൽ ആയിരിക്കുന്നു. നിത്യതയ്ക്കായിട്ടു ജീവിക്കാം, സമയത്തെ അറിഞ്ഞുകൊണ്ടു ദൈവത്തിനായിട്ടു ജീവിക്കണം. അവന്റെ കരങ്ങളിലേക്കു സകലതും ഭരമേല്പിച്ചുകൊണ്ടു അവിടുത്തെ സഭയിൽ ആയിരിക്കാം. അവനിൽ നമ്മൾക്ക് അഭയം പ്രാപിക്കാം. ഒരു ചെറിയ കുട്ടിയെപോലെ നമ്മൾക്ക് അവനിൽ അണയാം. അവന്റെ മഹത്വം നമ്മൾക്ക് അന്വേഷിക്കാം. പരിപൂർണ്ണതയിൽ ലക്ഷ്യം വയ്ക്കാം. ഉയരത്തിലേക്കു നോക്കാം. മുന്നോട്ടു നോക്കാം. വേഗത്തിൽ അവിടുന്ന് തിന്മയുടെ പ്രവൃത്തികളെ മാറ്റും, എന്നിട്ട് തന്റെ പറുദീസ ഉയരത്തിൽ സ്ഥാപിക്കും. ❖

(3-ാം പേജിന്റെ തുടർച്ച)

പരിശുദ്ധാത്മാവും പ്രാർത്ഥനയും

ന്നുള്ള അറിവു ഇല്ലായെന്ന്; അല്ലെങ്കിൽ അവൻ പ്രാർത്ഥനയിൽ എങ്ങനെ കടപ്പെട്ടിരിക്കുന്നുവെന്ന്; അതുകൊണ്ട് ദൈവം തന്നെ വിനയ ഭാവത്തോടെ നമ്മെ എങ്ങനെ പ്രാർത്ഥിക്കുവാൻ സംജാതമാക്കി തീർക്കുവാൻ വേണ്ടി അവിടുത്തെ പരിശുദ്ധാത്മാവിനെ നമ്മുടെ സഹായിയായിട്ടു നല്കിയിരിക്കുന്നു. ഇവിടെ അവന്റെ പ്രവൃത്തികൾ തികച്ചും നമ്മുടെ ചിന്തകൾക്ക് തോന്നലുകൾക്കും മീതെയാണ്, അതോടൊപ്പം തന്നെ കർത്താവ് ഇതെല്ലാം ദർശിക്കുകയും അവിടുന്നു ഉത്തരം നല്കി നമ്മെ സഹായിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു.

അതുകൊണ്ട് നമ്മുടെ ആദ്യത്തെ പ്രവൃത്തിയെന്നതു ദൈവസന്നിധിയിലേക്ക് കടന്നുവരാം. നമ്മുടെ പ്രാർത്ഥനയുടെ അജ്ഞതയും, ധാരാളം വാക്കുകളും ചിന്തകളുമായിട്ടല്ല, പ്രത്യുത ഒരു നല്ല ദൃഢ നിശ്ചയത്തോടെ നമ്മൾക്ക് വേണ്ടിയുള്ള ദൈവീക പ്രവർത്തികൾ പരിശുദ്ധാത്മാവിൽ കൂടിയുള്ളത് പ്രാർത്ഥനയിൽ ആത്മാവു നമ്മുടെ ബലഹീനതെക്കു തുണനിൽക്കുന്നുവെന്നുള്ള ശുഭപ്രതീക്ഷ ഭയപ്പെടുവാനും അവിടുത്തെ സന്നിധിയിൽ നിശ്ശബ്ദമായിരിക്കുവാനും ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ സഹായത്തിൽ ആശ്രയിക്കുവാനും നമ്മെ ശക്തീകരിക്കുന്നു. നമ്മുടെ ആഗ്രഹങ്ങളെ കർത്താവിൽ വയ്ക്കുവാനും ഹൃദയത്തിന്റെ ആവശ്യങ്ങൾ ദൈവമുമ്പാകെ അർപ്പിക്കുവാനും സഹായിക്കുന്നു. എല്ലാ പ്രാർത്ഥനകൾക്കുമുള്ള ഏറ്റവും വലിയ പാഠം എന്നത് ആദ്യം സമയം തന്നേ താങ്കളെത്തന്നേ പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനായിട്ടു സമർപ്പിക്കുകയും അങ്ങനെ അവരിൽ തന്നേ പൂർണ്ണ ആശ്രയം വയ്ക്കുകയും അവരുടെ പ്രഥമ സ്ഥാനം നൽകുകയും അവനിൽ കൂടി നിങ്ങളുടെ പ്രാർത്ഥനയ്ക്കു ലഭിക്കുന്ന മൂല്യം അതു ഒരിക്കലും താങ്കൾക്ക് ഭാവനയിൽ പോലും കണക്കാക്കുവാൻ സാധിക്കുകയില്ല. സമാന്തരമായിട്ടും അവനിൽ കൂടെ നിങ്ങൾക്ക് പ്രാർത്ഥനയിൽ കർത്താവിന്റെ നാമത്തിൽ എങ്ങനെ സംസാരിക്കണമെന്നുള്ളതു പഠിക്കുവാനും സഹായിക്കുന്നു.

ആന്തരിക മനുഷ്യരും വിശ്വാസത്താൽ നമ്മൾക്ക് ദൈവസന്നിധിയിൽ നിന്നു മരണത്തെയും ശൂന്യതകളെയെല്ലാം എതിർത്തു തോല്പിക്കുവാനും, അവിടുത്തെ സംരക്ഷണത്തിൽ ആയിരിക്കുവാനും കർത്താവ് കൃപ ഏകുന്നു! ഇതിനെകുറിച്ചു ഒന്നു ചിന്തിക്കുക മാത്രം ചെയ്യുക !

(ശേഷം അടുത്തലക്കം)

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975